**റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, ആയിരനല്ലൂർ എസ്റ്റേറ്റ്**
**മണിയാർ.പി.ഒ, പുനലൂർ, കൊല്ലം ജില്ല, ഫോൺ - 2250485**

ആർപിഎൽ/എഇ/എ1/1751/98/വോളിയം.4/566 തീയതി 23.09.2026

## ദർഘാസ് ലേലം

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ആയിരനല്ലൂർ എസ്റ്റേറ്റിന്റെ വള്ളിമാനൂർ, മരോട്ടിത്തടം എന്നീ ചതുപ്പുകളിൽ നിൽക്കുന്ന കായ്ഫലമുള്ള വൃക്ഷലതാദികളിൽ നിന്നും **2026 ഒക്ടോബർ മാസം 1-ാം തീയതി മുതൽ 2027 സെപ്റ്റംബർ 30** വരെയുള്ള ഉണ്ടായേക്കാവുന്ന ആദായം കമ്പനി നിബന്ധനകൾക്ക് വിധേയമായി ശേഖരിച്ചു കൊണ്ടുപോകുന്നതിനുള്ള അവകാശം **2026 സെപ്റ്റംബർ മാസം 30 -ാം തീയതി** രാവിലെ **11.00 മണിക്ക് എസ്റ്റേറ്റ് മാനേജരുടെ ഓഫീസിൽ** വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. കായ്ഫലമുള്ള വൃക്ഷലതാദികളുടെ വിവരം താഴെ ചേർക്കുന്നു.

| | | എണ്ണം (ഉദ്ദേശ്യം) |
|---|---|---|
| 1 | തെങ്ങ് | 250 |
| 2 | കമുക് | 255 |
| 3 | കുരുമുളക് | 42 |
| 4 | പ്ലാവ് | 15 |
| 5 | മാവ് | 7 |
| 6 | പെണറുംപുളി | 3 |
| 7 | വാളൻ പുളി | 11 |
| 8 | ശീമപ്ലാവ് | 2 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുമ്പായി ലേല വ്യവസ്ഥകൾ വായിച്ചു മനസ്സിലാക്കേണ്ടതും ടി ലേല വ്യവസ്ഥകളുടെ ഒരു കോപ്പി ഒപ്പിട്ടു നൽകേണ്ടതുമാണ്. ഏറ്റവും കൂടിയ തുക വിളിക്കുന്ന ആൾ ലേലത്തുകയുടെ മൂന്നിലൊന്ന് അന്നേദിവസം തന്നെ ഓഫീസിലടച്ച് രസീതു വാങ്ങേണ്ടതാണ്. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത ദിവസം നിശ്ചിതസ്ഥലത്തും സമയത്തും ലേലം നടത്തുന്നതായിരിക്കും.

വിശദമായ ലേലവ്യവസ്ഥകൾ എസ്റ്റേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

മാനേജർ
ആയിരനല്ലൂർ എസ്റ്റേറ്റ്

കമ്പനി ലേലപരസ്യം RPL/AE/A1/751/98/Vol.IV/506 23.09.2026 നോട്

അനുബന്ധമായ ലേല വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുൻപ് പരസ്യത്തിൽ കാണിച്ചിട്ടുള്ള വൃക്ഷങ്ങളുടെയും മുളക് കൊടികളുടേയും ഉൽപാദനക്ഷമത വിലയിരുത്തേണ്ടതും ലേലം കഴിഞ്ഞോ, ലേലത്തുക ഉറപ്പിച്ചി ട്ടുള്ള കമ്പനിയുടെ അറിയിപ്പ് കിട്ടിയതിനു ശേഷമോ അതേപ്പറ്റി യാതൊരു തർക്കങ്ങളും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതും ആകുന്നു.
2. പരസ്യത്തിൽ കാണിച്ചിരിക്കുന്ന വൃക്ഷങ്ങളുടെയും മുളക് കൊടികളുടേയും വിവരങ്ങൾ ഉദ്ദേശമായിട്ടുള്ളതാണ്. ലേലത്തീയതിക്കുമുൻപ് വിവിധ ഇനത്തി ലുള്ള വൃക്ഷങ്ങളുടേയും മുളക് കൊടികളുടേയും വിവരങ്ങൾ നമ്പറിട്ട് ക്ലിപ്ത പ്പെടുത്തേണ്ടതും ആ നമ്പറിട്ട വൃക്ഷങ്ങളിൽ നിന്നും കൊടികളിൽ നിന്നും മാത്രം ആദായം എടുക്കേണ്ടതാകുന്നു.
3. വൃക്ഷങ്ങളിൽ നിന്ന് ആദായം എടുക്കുമ്പോൾ വൃക്ഷങ്ങൾക്ക് കേട് വരുത്തുക യോ, കൊടിയിൽ നിന്ന് ആദായം എടുക്കുമ്പോൾ കൊടിക്കു കേടുവരുത്തു കയോ പാടില്ല. ആയത് മൂലം കമ്പനിക്കുണ്ടാകുന്ന ഏതൊരുവിധ നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുവാൻ കമ്പനിക്ക് അധികാരം ഉണ്ടായിരി ക്കുന്നതാണ്.
4. ലേലപരസ്യത്തിൽ സൂചിപ്പിച്ച വൃക്ഷങ്ങളിലും കൊടികളിലും നിന്നുള്ള ആദായം എടുക്കുന്നതിന് മാത്രമാണ് കരാറുകാലയളവിൽ കരാറുകാരന് അധികാരം. വൃക്ഷങ്ങൾ നിൽക്കുന്ന സ്ഥലത്ത് മറ്റുവിധത്തിലുള്ള യാതൊരു കൃഷിപ്പണികളും നിർമ്മാണപ്രവർത്തനങ്ങളും നടത്തുവാൻ പാടുള്ളതല്ല.
5. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലവ്യവസ്ഥകൾ അംഗീകരി ക്കുന്നതായി കാണിക്കുന്നതിനുവേണ്ടി ലേലവ്യവസ്ഥകളുടെ ഒരു കോപ്പി ഒപ്പിട്ട് **നിരതദ്രവ്യം 5000/- രൂപ (അയ്യായിരം രൂപ)** അടച്ചു ലേലത്തിൽ പങ്കെ ടുക്കേണ്ടതാണ്.
6. ഏറ്റവും കൂടിയ തുക ലേലത്തിൽ വിളിക്കുന്ന ആൾ ലേലം കഴിഞ്ഞാലുടനെ തുകയുടെ മൂന്നിലൊന്ന് കമ്പനിയിൽ അടയ്ക്കേണ്ടതും പ്രസ്തുത തുക അട യ്ക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ കമ്പനിക്ക് അയാളുടെ നിരത ദ്രവ്യം കണ്ടുകെട്ടുന്നതിനും ടി. വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്. പുനർലേല ത്തിൽ നഷ്ടമാണ് ഉണ്ടാകുന്നതെങ്കിൽ നഷ്ടം നികത്തുവാൻ ടി. വ്യക്തി ബാധ്യസ്ഥനുമാകുന്നു.
7. ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പുകിട്ടി പണം അടച്ചു ഉടമ്പടി വെച്ചതിനും ശേഷം മാത്രം ഫലവൃക്ഷങ്ങളുടെയും ചെടികളുടെയും സംരക്ഷണചുമതല കരാറുകാരനിൽ നിക്ഷിപ്തമായിരിക്കുന്നതുമാകുന്നു.
8. കായ്ഫലങ്ങൾ സംരക്ഷിക്കുന്നതിനോ, ശേഖരിക്കുന്നതിനോ കരാറുകാരൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയവരുടെ മേൽവിലാസവും മറ്റു വിവരങ്ങളും കമ്പനിയെ രേഖാമൂലം അറിയിക്കേണ്ടതും ആയത് കമ്പനി അംഗീകരിക്കേണ്ടതുമാകുന്നു. കരാറുകാരൻ നിയോഗിക്കുന്ന ആളുടെ പ്രവൃ ത്തികൾക്ക് കരാറുകാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്.